20689
21/12/16

കേരള സർക്കാർ

**സംഗ്രഹം**

റവന്യൂ വകുപ്പ്- സംസ്ഥാനത്തെ കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള ലോണിന്മേലുള്ള ജപ്തി നടപടികൾക്ക് മോറട്ടോറിയം പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (എച്ച്) വകുപ്പ്

സ.ഉ.(എം.എസ്)നം.598/16/റവ. തിരുവനന്തപുരം, തീയതി, **19.12.2016**

പരാമർശം 1) 5.8.2016 -ലെ സ.ഉ(എം.എസ്)444/16/റവ സർക്കാർ ഉത്തരവ്

**ഉത്തരവ്**

വയനാട് ജില്ലയിലെ കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും, ഹൗസിംഗ് ബോർഡ്, കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ, പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പോലുള്ള സംസ്ഥാന സർക്കാർ ഏജൻസികൾ, സഹകരണ ബാങ്കുകൾ കൂടാതെ റവന്യൂ റിക്കവറി ആക്റ്റ്, 1968, 71-ാം വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പ ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിന്മേലുമുള്ള ജപ്തി നടപടികൾക്ക് മൂന്ന് മാസത്തേയ്ക്ക് (നവംബർ 2 വരെ) മോറട്ടോറിയം പ്രഖ്യാപിച്ചുകൊണ്ട് പരാമർശം ഒന്ന് പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. സംസ്ഥാനത്തെ വിവിധ ബാങ്കുകളിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്തിരുന്ന കർഷകർ വായ്പ തിരിച്ചടവാക്കാത്തതിനെത്തുടർന്ന് അവർക്കെതിരെ ജപ്തി നടപടികൾ സ്വീകരിച്ചതായും കാർഷിക മേഖലയിലെ തകർച്ചയും വിളനാശവും കാരണം കുടിശ്ശികകൾ തിരിച്ചടവാക്കാൻ നിവൃത്തിയില്ലാതെ വിഷമിക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**3.** പ്രസ്തുത സാഹചര്യത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പ ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 2017 മേയ് 31 വരെ മൊറട്ടോറിയം അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി(ഇൻ ചാർജ്ജ്)

1. ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
2. എല്ലാ ജില്ലാ കളക്ടർമാർക്കും
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) തിരുവനന്തപുരം
4. രജിസ്ട്രാർ, കേരള ഹൈക്കോടതി ആമുഖ കത്ത് സഹിതം
5. സെക്രട്ടറി, കേരള നിയമസഭ
6. പൊതുഭരണ(**SC**) വകുപ്പ് (ഇനം 530 തീയതി, 14.12.2016)
7. കൃഷി വകുപ്പ്
8. ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
9. ധനകാര്യ വകുപ്പ്
10. റവന്യൂ (കെ, എസ്) വകുപ്പ്
11. ഡയറക്ടർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
12. ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 14-12-2016.

ഫയൽ നം.936422/എച്ച്3/2016/റവ.

ഇനം നം: 530

വിഷയം : റവന്യൂ വകുപ്പ് - വയനാട് ജില്ലയിലെ കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള കടങ്ങളിന്മേലുള്ള ജപ്തി നടപടികൾക്ക് 2017, മേയ് 31 വരെ മൊറട്ടോറിയം പ്രഖ്യാപിക്കുന്നത്.

18 തീരുമാനം : സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള കടങ്ങളിന്മേലുള്ള ജപ്തി നടപടികൾക്ക് 2017, മേയ് 31 വരെ മൊറട്ടോറിയം പ്രഖ്യാപിക്കുവാൻ തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

എസ്.എം. വിജയാനന്ദ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | 936422/എച്ച്3/16/റവ |
| 2 | വകുപ്പ് | : | റവന്യൂ (എച്ച്) വകുപ്പ് |
| 3 | വിഷയം | : | റവന്യൂ വകുപ്പ്- വയനാട് ജില്ലയിലെ കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള കടങ്ങളിന്മേലുള്ള ജപ്തി നടപടികൾക്ക് 2017, മേയ് 31 വരെ മൊറട്ടോറിയം പ്രഖ്യാപിക്കുന്നത്- സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 24.11.2016 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | : | ശ്രീമതി.മഞ്ജു.എസ് |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.പി.എച്ച്. കുര്യൻ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 2.12.2016 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.എസ്. എം.വിജയാനന്ദ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 5.12.2016 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. ഇ.ചന്ദ്രശേഖരൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 07/12/16 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 08.12.2016 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | 14.12.2016. |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | : | സ.ഉ.([illegible])598/16/[illegible] 19.12.2016. |

<u>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്</u>

വയനാട് ജില്ലയിലെ കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള കടങ്ങളിന്മേലുള്ള ജപ്തി നടപടികൾക്ക് അടുത്ത മൺസൂൺ വരെ മൊറട്ടോറിയം പ്രഖ്യാപിക്കുന്നത് സംബന്ധിച്ചുള്ള വിഷയമാണ് ഈ കുറിപ്പിലെ പ്രതിപാദ്യ വിഷയം.

**2.** രൂക്ഷമായ കാർഷിക പ്രതിസന്ധിയെത്തുടർന്ന് വയനായ് ജില്ലയിലെ കർഷകർ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് വയനാട് ജില്ലയിലെ കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും, ഹൗസിംഗ് ബോർഡ്, കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ, പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പോലുള്ള സംസ്ഥാന സർക്കാർ ഏജൻസികൾ, സഹകരണ ബാങ്കുകൾ കൂടാതെ റവന്യൂ റിക്കവറി ആക്ട്, 1968, 71-ാം വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പ ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിന്മേലുമുള്ള ജപ്തി നടപടികൾക്ക് മൂന്ന് മാസത്തേയ്ക്ക് (നവംബർ 2 വരെ) മോറട്ടോറിയം പ്രഖ്യാപിച്ചുകൊണ്ട് 5.8.2016 -ലെ സ.ഉ(എം.എസ്)444/16/റവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

**3.** എന്നാൽ വയനാട്ടിലെ വിവിധ ബാങ്കുകളിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്തിരുന്ന കർഷകർ വായ്പ തിരിച്ചടവാക്കാത്തതിനെത്തുടർന്ന് ജപ്തി നടപടികൾ സ്വീകരിച്ചതായും കാർഷിക മേഖലയിലെ തകർച്ചയും വിളനാശവും കാരണം കുടിശ്ശികകൾ തിരിച്ചടവാക്കാൻ നിവൃത്തിയില്ലാതെ വിഷമിക്കുന്ന ഇവരുടെ ജപ്തി നടപടികൾ നിർത്തി വയ്ക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് മാനന്തവാടി എം.എൽ.എ, ഒ. ആർ. കേളു സർക്കാരിൽ ബഹു. മുഖ്യമന്ത്രിയ്ക്ക് അപേക്ഷ സമർപ്പിച്ചിരുന്നു.

**4.** പ്രസ്തുത സാഹചര്യത്തിൽ വയനാട് ജില്ലയിലെ കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും, ഹൗസിംഗ് ബോർഡ്, കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ, പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, സഹകരണ ബാങ്കുകൾ എന്നിവയിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പ ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിന്മേലുമുള്ള ജപ്തി നടപടികൾക്ക് അടുത്ത മൺസൂൺ വരെ മൊറട്ടോറിയം അനുദിക്കാവുന്നതാണ് എന്ന നിർദ്ദേശത്തിന്മേൽ ബഹു. മുഖ്യമന്ത്രി മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവായി.

<u>തീരുമാനിക്കേണ്ട വിഷയം</u>

വയനാട് ജില്ലയിലെ കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഹൗസിംഗ് ബോർഡ്, കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ, ബാക്ക് വേഡ് ക്ലാസസ്സ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പോലുള്ള സംസ്ഥാന സർക്കാർ ഏജൻസികൾ, സഹകരണ ബാങ്കുകൾ കൂടാതെ റവന്യൂ റിക്കവറി ആക്ട്, 1968 ലെ 71-ാം വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പ ഉൾപ്പെടെയുള്ള എല്ലാ വിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 2017 മേയ് 31 വരെ മൊറട്ടോറിയം അനുവദിച്ചു നൽകാമോ?